# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തെക്കുംകര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി.13)1533/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 20/10/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തെക്കുംകര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി.13)1533/2023 തീയ്യതി: 20/10/2023

## തൃശ്ശൂർ ജില്ലയിലെ തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-02-2023 മുതൽ 13-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-01-2023 മുതൽ 13-08-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 52 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാബു പി എസ് | ഡെപ്യൂട്ടി ഡയറക്ടർ | 16-08-2023 | 23-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-08-2023 | 23-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.എസ്.ജയകൃഷ്ണൻ,ഓഡിറ്റ് ഓഫീസർ
ശ്രീമതി. പ്രവിദ പി എ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ദിവ്യ എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ധന്യ എ സുരേന്ദ്രൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ടി.വി.സുനിൽകുമാർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| അരുൺ ജോൺ ടി | സെക്രട്ടറി | 01-04-2022 | 01-10-2022 |

| | | | |
|---|---|---|---|
| ശോഭന.പി.കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-10-2022 | 05-10-2022 |
| ഡോ.ബിന്ദു.ടി.എൻ. | സെക്രട്ടറി | 06-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ജിൻസി ജോസഫ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| നിഖിൽരാജ്.സി.എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ.ഷാര.ബി. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2022 | 31-03-2023 |
| ഡോ.ബിന്ദു ഭാസ്കർ | മെഡിക്കൽ ഓഫീസർ (ഹോമിയോ ) | 01-04-2022 | 21-04-2022 |
| ഡോ.രമ്യ എസ് പിള്ള | മെഡിക്കൽ ഓഫീസർ (ഹോമിയോ ) | 22-04-2022 | 31-03-2023 |
| ഡോ.ഫ്രാങ്കോ ജെയിംസ് | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| നദീറ.സി.എസ് | പ്രധാന അദ്ധ്യാപിക | 01-04-2022 | 31-03-2023 |
| ജിഷ.ആർ.എം. | വി.ഇ.ഒ കല്ലുംപാറ സർക്കിൾ | 01-04-2022 | 31-03-2023 |
| പ്രീത.കെ | വി.ഇ.ഒ തെക്കുംകര സർക്കിൾ | 01-04-2022 | 25-09-2022 |
| ജിഷ.ആർ.എം. | വി.ഇ.ഒ തെക്കുംകര സർക്കിൾ | 26-09-2022 | 26-03-2023 |
| പ്രീത.കെ | വി.ഇ.ഒ തെക്കുംകര സർക്കിൾ | 27-03-2023 | 31-03-2023 |
| വർഷ.ടി.ജെ. | വി.ഇ.ഒ മച്ചാട് സർക്കിൾ | 01-04-2022 | 18-11-2022 |
| ജിഷ.ആർ.എം. | വി.ഇ.ഒ മച്ചാട് സർക്കിൾ | 19-11-2022 | 08-01-2023 |
| വർഷ.ടി.ജെ. | വി.ഇ.ഒ മച്ചാട് സർക്കിൾ | 09-01-2023 | 31-03-2023 |
| ശോഭന.പി.കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഡോണ വിജയൻ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2022 | 31-03-2023 |
| ഡോ. അനീഷ് രാജ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| സുനിത വി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ചെക്ക് ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്തെങ്കിലും ബാങ്കിൽ ക്രെഡിറ്റ് ആയില്ല | 1-1-3 |
| 5 | ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് വന്ന തുക രസീത് നൽകി കണക്കിലെടുത്തില്ല | 1-1-4 |
| 6 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-5 |
| 7 | ആസ്തി രജിസ്റ്റർ- ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-6 |
| 8 | വാർഷിക കണക്കിലെ തുകകൾ ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | മുൻകൂർ തുകയുടെ കണക്കുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 1-1-8 |
| 10 | വസ്തു നികുതി മുൻകൂർ സഞ്ചയ സോഫ്റ്റ്‌വെയറുമായി പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | അഡ്വാൻസ് രജിസ്റ്റർ, ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല | 1-1-11 |
| 13 | പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകളിലെ തുകയും തത്തുല്യമായ ബാധ്യതാ ശീർഷകത്തിലെ തുകയും പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | KURDFC വായ്പ തുക തിരിച്ചടയ്ക്കാനുള്ളതിനേക്കാൾ അധികം ഗ്രാന്റിൽ നിന്നും കുറവ് ചെയ്തു | 1-1-13 |
| 15 | തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-1-14 |
| 16 | പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല | 1-1-15 |
| 17 | ആസ്തികൾ സൃഷ്ടിച്ചപ്പോൾ " Capital Contribution"-ൽ ചേർത്തിട്ടില്ല | 1-1-16 |
| 18 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൌച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-1-17 |
| 19 | "Prior Period Item"-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല | 1-1-18 |
| 20 | ഗ്രാന്റ് സ്റ്റേറ്റ് മെന്റ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-19 |
| 21 | ബജറ്റ് | 1-2 |
| 22 | ഫണ്ട് വിനിയോഗം | 1-3 |
| 23 | പദ്ധതി അവലോകനം | 1-4 |

| | | |
|---|---|---|
| 24 | ക്ഷേമ പദ്ധതികൾ | 1-5 |
| 25 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 26 | ക്യാഷ് പരിശോധന | 1-7 |
| 27 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 28 | ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരുമാനത്തിന്റെ അവലോകനം | 1-9 |
| 29 | വിരുപ്പാക്ക സ്പിന്നിങ്ങ് മില്ലിനെതിരായ ചെക്ക് കേസ്-തുടർനടപടി വിവരം അറിയിക്കേണ്ടതാണ്. | 1-10 |
| 30 | ആംബുലൻസ് വാടകയുമായി ബന്ധപ്പെട്ട അപാകതകൾ | 1-11 |
| 31 | കെട്ടിടങ്ങളിൽ നിന്നുള്ള വാടക- അപാകതകൾ | 1-12 |
| 32 | റോഡു പ്രവൃത്തികളിൽ നിന്നും ലഭ്യമായ 110.497ഘ.മീ മണ്ണ് സ്വകാര്യ വ്യക്തി പറമ്പിൽ നിരത്തിയതിന്റെ തുക നാളിതുവരെ ഈടാക്കിയിട്ടില്ല. | 1-13 |
| 33 | തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. | 1-14 |
| 34 | ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ച ക്വാറികളുടെ CSR പ്രവർത്തനങ്ങൾ ഉറപ്പു വരുത്തിയില്ല. | 1-15 |
| 35 | ചട്ടപ്രകാരമുള്ള രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. | 1-16 |
| 36 | പെർമ്മിറ്റ് രജിസ്റ്റർ-രേഖപ്പെടുത്തലുകൾ അപൂർണ്ണം | 1-17 |
| 37 | ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾക്ക് ചട്ടം പാലിക്കാതെ വസ്തുനികുതിയിളവ് നൽകി. | 1-18 |
| 38 | ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നുള്ള സ്പഷ്ടീകരണം ലഭ്യമാക്കുന്നതിനു മുൻപേ വാണിജ്യ കെട്ടിടം ക്രമവൽക്കരിച്ചു നമ്പർ നൽകി. | 1-19 |
| 39 | അസിസ്റ്റന്റ് സെക്രട്ടറിയ്ക്ക് ചുമതലയിൽപ്പെട്ട എസ്.സി വിഭാഗം പദ്ധതി ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തി | 1-20 |
| 40 | വായനശാലകൾക്ക് ആനുകാലികങ്ങൾ -സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധം-ചെലവുതുക 90,000/- രൂപ തടസ്സപ്പെടുത്തുന്നു | 1-21 |
| 41 | കായിക പരിശീലനം നടത്തിയ രേഖകളില്ല - ചെലവ് തുക 62,050/- രൂപ തടസ്സപ്പെടുത്തുന്നു | 1-22 |
| 42 | വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല | 1-23 |
| 43 | നിരീക്ഷണ ക്യാമറ സ്ഥാപിയ്ക്കൽ- മാർഗരേഖ പ്രകാരമല്ല-ചെലവു തുക 6,74,279/- രൂപ തടസ്സപ്പെടുത്തുന്നു | 1-24 |
| 44 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്-സ്പെസിഫിക്കേഷൻ മാർഗരേഖ പ്രകാരമല്ല-ചെലവുതുക 1,96,525/- രൂപ തടസ്സപ്പെടുത്തുന്നു | 1-25 |
| 45 | ബാലസഭ-സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 21,634/-രൂപ തടസ്സപ്പെടുത്തുന്നു | 1-26 |
| 46 | മരുന്ന് വിതരണം-അപാകത പരിഹരിക്കേണ്ടതാണ് | 1-27 |
| 47 | പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥിക്ക്പഠനമുറി-സബ്സിഡി നിബന്ധന പാലിച്ചില്ല- 2,00,000/-രൂപ തടസ്സപ്പെടുത്തുന്നു | 1-28 |
| 48 | ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളുടെ വാർഷികകണക്കുകളുടെ വിവരം | 1-29 |

| | | |
|---|---|---|
| 49 | മരുന്ന് വിതരണം ചെയ്തിട്ടില്ല | 1-30 |
| 50 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-31 |
| 51 | തുടർനടപടി സ്വീകരിച്ച വിവരം അറിയിക്കേണ്ടതാണ് | 1-32 |
| 52 | ലൈഫ്ഭവനപദ്ധതി-പണി പൂർത്തീകരിച്ചിട്ടില്ല | 1-33 |
| 53 | പദ്ധതി മാർഗ്ഗരേഖ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല | 1-34 |
| 54 | മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-35 |
| 55 | കരുമത്ര പോസ്റ്റ് ഓഫീസിന്റെ വാടക,കറന്റ് ചാർജ്ജ്, വെള്ളക്കരം എന്നിവ ഈടാക്കുന്നത് | 1-36 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.06.2023 തീയതിയിലെ 1(1)-ാം നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 05.07.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: തൃശ്ശൂർ
തീയതി: 20.10.2023

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

### 1-1-2 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,11,98,996/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -(2181191)/- -രൂപയാണ്.

അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ചെക്ക് ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്തെങ്കിലും ബാങ്കിൽ ക്രെഡിറ്റ് ആയില്ല

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം താഴെപ്പറയുംപ്രകാരം "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

| BANK, Account No. | തുക |
|---|---|
| OTHER CO-OPERATIVE OWN AMBALAPAD SERVICE CO-OP BANK, PUNNAMPARAMBU BRANCH (213809) | 1,178 (വൗച്ചർ നം 1220000431/31.3.2023) |
| State Bank Of India PUNNAMPARAMBU (37110559357) | 24,789 (41 ചെക്കുകൾ) |
| State Bank Of India PUNNAMPARAMBU (57063865607) | (95,805 18 ചെക്കുകൾ) |

ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

### 1-1-4 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് വന്ന തുക രസീത് നൽകി കണക്കിലെടുത്തില്ല

Directly Credited By Bank" എന്ന ഇനത്തിൽതാഴെ പറയുംപ്രകാരം തുക ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| തീയ്യതി | Bank | തുക |
|---|---|---|
| 28-02-2023 | State Bank Of India PUNNAMPARAMBU( 37110559357 ) | 10 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്.

### 1-1-5 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ "460500201/460500202/460500206-Advance To Implementing Agencies" എന്ന ശീർഷകങ്ങളിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്കു മാത്രം അതത് ചെലവ് ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ് ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രോജക്റ്റ് | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|
| 1 | 219- സ്ട്രീറ്റ് മെയിൻ വലിക്കൽ | 50000 | 415100002 | 460500202-Advance To Implementing Agencies-Deposit With KSEB |
| 2 | 220- വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റൽ | 54367 | 251200001 | |
| 3. | 245- പൊതു വാട്ടർടാപ്പുകൾ ഒഴിവാക്കൽ | 230000 | 251120105 | 460500201- |

| | | | | |
|---|---|---|---|---|
| | ചാർജ് | | | Advance To Implementing Agencies- Deposit With KWA |

## 1-1-6 ആസ്തി രജിസ്റ്റർ- ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-7 വാർഷിക കണക്കിലെ തുകകൾ ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല

അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | കളക്ഷൻ | |
|---|---|---|
| | രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം(RP45) |
| വസ്തു നികുതി റെസിഡൻഷ്യൽ(തൻവർഷം) | 2301367 | 2295802 |
| വസ്തു നികുതി നോൺ റെസിഡൻഷ്യൽ(തൻവർഷം) | 1080511 | 1077912 |
| തൊഴിൽ നികുതി(ട്രേഡേഴ്സ്) | 138730 | 139630 |
| ലൈസൻസ് ഫീസ് | 92800 | 93300 |

## 1-1-8 മുൻകൂർ തുകയുടെ കണക്കുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2023 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 193230 |
| 2 | ലൈസൻസ് ഫീസ് | 350410301-Advance Collection Of Revenues-Licence Fees For Factories, Traders, Enterprenuers And Other Servicess | 159300 |

## 1-1-9 വസ്തു നികുതി മുൻകൂർ സഞ്ചയ സോഫ്റ്റ്‌വെയറുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 397722 | 439323 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 3614 | 24833 |

### 1-1-10 അഡ്വാൻസ് രജിസ്റ്റർ, ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല

അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള 31.03.2023 ലെ നീക്കിയിരിപ്പ് തുക, ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ശീർഷകം | രജിസ്റ്റർ പ്രകാരം 31/3/2023 ലെ നീക്കിയിരിപ്പ് | ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ B-18 പ്രകാരമുള്ള 31/3/2023 ലെ നീക്കിയിരിപ്പ് |
|---|---|---|
| 460500501-advance To Implementing Officers | 245226 | 495226 |

### 1-1-11 അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല

1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ തെക്കുംകര ഗ്രാമപഞ്ചായത്തിൽ 239 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2022-23 ലെ "110100101-Property Tax On Residential Buiding" എന്ന ശീർഷകത്തിലേയും "110100102-Property Tax On Non Residential Building" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റത്തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും , ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-1-12 പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകളിലെ തുകയും തത്തുല്യമായ ബാധ്യതാ ശീർഷകത്തിലെ തുകയും പൊരുത്തപ്പെടുന്നില്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകളുടെ നീക്കിയിരിപ്പ് തുകയും ബാലൻസ്ഷീറ്റ് ബി -4 ലെ ബാധ്യതാ ശീർഷകത്തിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമനമ്പർ | ശീർഷകം | B4 | B17 |
|---|---|---|---|

| | | Schedule | Schedule |
|---|---|---|---|
| 1 | Grant For Specific Purposes-health Grant-diagnostic | 89138 | 89132 |
| 2 | Literacy Scheme Grant | 5336 | 5444 |

1-1-13 KURDFC വായ്പ തുക തിരിച്ചടയ്ക്കാനുള്ളതിനേക്കാൾ അധികം ഗ്രാന്റിൽ നിന്നും കുറവ് ചെയ്തു

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-5 Secured Loan From Banks പ്രകാരം (-)365000/- രൂപ വായ്പ ഇനത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ട്. ഈ തുകയുടെ വിശദാംശങ്ങൾ വായ്പ രജിസ്റ്ററിലില്ല. വായ്പ തുക നെഗറ്റീവ് ആകാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. കൂടാതെ 2021-22 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-5 പ്രകാരം Secured Loan From KURDFC യിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്നത് 1054587/- രൂപയാണ്. എന്നാൽ 2022-23 ൽ ഗ്രാന്റിൽ നിന്നും ഈയിനത്തിൽ 1646129/- രൂപ കുറവ് ചെയ്തിട്ടുണ്ട്. 591542/- രൂപ അധികമായി കുറവ് ചെയ്തിട്ടുണ്ട്. ഈ തുക I -13 Schedule 240500203 എന്ന ഹെഡിൽ Interest On Loans From Financial Institutions -KURDFC എന്ന ഷെഡ്യൂളിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1-1-14 തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

| ക്യാഷ് ബുക്ക് പ്രകാരം ചെലവ് | വാർഷിക കണക്ക് പ്രകാരം ചെലവ് (I-6) |
|---|---|
| 66642893 | 131702023 |

തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ ആസ്തി നിർമിക്കുന്നതിനുള്ള 829569.6/- രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | തുക |
|---|---|
| അമ്പലപ്പാട് വാർഡ് ആറ്റുപുറം കോരഞ്ചിറ ഫോറസ്റ്റ് റോഡ് | 829569.6 |

1-1-15 പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/2023 ൽ ബാക്കിയുള്ള തുകയുംഅപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ഇനം | വാർഷിക കണക്ക് പ്രകാരം(B4) | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം |
|---|---|---|---|
| 1 | Literacy Scheme Grant | 5336 | 5300 |
| 2 | Grant For Specific Purposes-other Govt Agencies | 329660 | 359668 |
| 3 | Grant For Specific Purposes-other Purposes | 1308735 | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| 4 | Donations Related To Pandemic/epidemic Control | 9227 | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |

1-1-16 ആസ്തികൾ സൃഷ്ടിച്ചപ്പോൾ " Capital Contribution”-ൽ ചേർത്തിട്ടില്ല

31/3/2022ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം "Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2023 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. (144345639/-) വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം "Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-1-17 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൌച്ചറുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-18 "Prior Period Item"-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18,ഐ-19) പ്രകാരം "190000000-Prior Period Income", "290000000-Prior Period Expenditure" എന്നീ ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-19) | 31/3/2023 ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101 -Prior Period Income-Property Tax | 18508 |
| 190200401 -Prior Period Income-other Incomes | 35870 |
| 290800101 – Prior Period Expenses - Establishment Expenses | 14077 |

## 1-1-19 ഗ്രാന്റ് സ്റ്റേറ്റ് മെന്റ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്ക് പ്രകാരം (I-6) 2022-23 വർഷത്തിൽ വികസന ഫണ്ട് (പൊതു വിഭാഗം) ഇനത്തിലെ ആകെ ചെലവ് 193,69,706/- രൂപയാണ് . എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ 2022-23 വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ് മെന്റ് പ്രകാരം ഈയിനത്തിലെ ചെലവ് 193,52,206/- രൂപയാണ്. വാർഷിക കണക്ക് പ്രകാരം (I-6) 2022-23 വർഷത്തിൽ വികസന ഫണ്ട് (എസ് സി പി) ഇനത്തിലെ ആകെ ചെലവ് 71,17,806/- രൂപയാണ്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ 2022-23 വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ് മെന്റ് പ്രകാരം ഈയിനത്തിലെ ചെലവ് 167,78,511/- രൂപയാണ്.

## 1-2 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 26.03.2022, തീരുമാനം നം.1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 366864000 | 367047720 |
| റിവൈസ്ഡ് ബജറ്റ് | 28.03.2023, തീരുമാനം | |

| | | |
|---|---|---|
| പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | നം.1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 386525530 | 386791629 |

1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക*/ നീക്കിയിരിപ്പ്** |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 20730751 | 20730751 | 19458578 | 1272173* |
| വികസന ഫണ്ട്-എസ്.സി.പി | 0 | 7514000 | 7514000 | 7117806 | 396194* |
| മെയിന്റനൻസ്, റോഡ് | 0 | 20946000 | 20946000 | 17670505 | 3275495* |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 6851000 | 6851000 | 5248806 | 1602194* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബാങ്ക് -ടൈഡ്) | 4332200 | 5200000 | 9532200 | 2093640 | 7438560 ** |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബാങ്ക് – അടിസ്ഥാന ഗ്രാന്റ് ) | 943438 | 3686420 | 4629858 | 326333 | 4303525** |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ട്രഷറി-ടൈഡ്) | ഇല്ല | 2234293 | 2234293 | 986197 | 1248096* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ട്രഷറി അടിസ്ഥാന ഗ്രാന്റ്) | ഇല്ല | 527395 | 527395 | 54367 | 473028* |
| Total Sanitation | 698343 | 1700000 | 2398343 | 1050500 | 1347843** |
| ICDS | 2162645 | 1102626 | 3265271 | 1011625 | 2253646** |
| Literacy Scheme Grant | 5336 | 0 | 5336 | 0 | 5336** |
| Health Grant -Diagonostic | 0 | 325473 | 325473 | 236335 | 89138** |

| | | | | | |
|---|---|---|---|---|---|
| Infrastructure | | | | | |
| Health Grant -Wellness Centres | 0 | 187579 | 187579 | 180742 | 6837** |
| MPLADS | 18000 | 0 | 18000 | 0 | 18000** |
| Integrated Child Development Scheme | 19736 | 0 | 19736 | 0 | 19736** |
| Best Panchayat Award | 300000 | 0 | 300000 | 0 | 300000** |
| Fund For Transferred Institutions - Animal Husbandry-Capital | 2880 | 0 | 2880 | 0 | 2880** |
| Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Other Purposes | 76800 | 11203969 | 11280769 | 9972034 | 1308735** |
| Grants, Funds & Contributions For Specific Purposes - Other Government Agencies | 365000 | 8512945 | 8877945 | 8548285 | 329660** |

1) വികസന ഫണ്ട്-ജനറൽ, എസ്.സി.പി എന്നിവയുടെ വരവ് തുകയും വികസന ഫണ്ട്-ജനറൽ ചെലവ് തുകയും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. വികസന ഫണ്ട് (ജനറൽ) ചെലവ്വ തുക Grant Statement-ൽ നിന്നും വ്യത്യാസമുണ്ട്.

2) സി.എഫ്.സി ടൈഡ്, സി.എഫ്.സി അൺടൈഡ് എന്നിവയുടെ മുന്നിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടില്ല. വരവിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല. നീക്കിയിരിപ്പ് ബാലൻസ്ഷീറ്റ് B-4 സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച ഗ്രാന്റ് വിനിയോഗവിവരങ്ങളാണ് ഈ ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം | അടങ്കൽ | നടപ്പിലാക്കിയത് | പദ്ധതി | നടപ്പിലാക്കിയ | നടപ്പിലാക്കിയ |
|---|---|---|---|---|---|

| ലഭിച്ചവ (എണ്ണം) | (തുക) | (എണ്ണം) | ചെലവ് | പദ്ധതിത്തുകയുടെ ശതമാനം | പദ്ധതികളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 241 | 252704746 | 177 | 93772935 | 37 | 73.44 |

## 1-5 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6422800 | 600 |
| വിധവാ പെൻഷൻ | 15779200 | 1497 |
| വാർദ്ധക്യകാലപെൻഷൻ | 28915400 | 2886 |
| വികലാംഗപെൻഷൻ | 4425300 | 413 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2326600 | 215 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 30000 | 1 |

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി (പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ളത് )

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1585000 | 1585000 | 1585000 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 42053000 | 42053000 | 42053000 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 23005000 | 23005000 | 23005000 | 0 |
| ആകെ | 0 | 66643000 | 66643000 | 66643000 | 0 |

മേൽ കണക്കുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. (ഖണ്ഡിക 1-1-14കാണുക)

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-08-2023 തീയതിയിൽ 2:20 PM ന് ഗ്രാമപഞ്ചായത്ത് ഹെഡ്ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18355 /- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-9 ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരുമാനത്തിന്റെ അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നൽകുകയോ ആയത് ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുകയോ ചെയ്തിട്ടില്ല. ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനതു വരുമാനങ്ങൾ നിശ്ചിത സമയത്തിനകം സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെയോ തന്നാണ്ടിലെയോ വരവിനങ്ങൾ സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ലെന്നും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വസ്തു നികുതി പിരിവിന്റെ ഡിമാന്റ്, പിരിവ്, അവലോകന യോഗം രണ്ട് അർദ്ധ വർഷത്തിലും നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയും ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്കും നൽകുകയും ചെയ്യുന്നില്ല.

തനത് വരുമാനത്തിലെ കുടിശ്ശിക നിവാരണത്തിനായി എല്ലാ വാർഡുകളിലും ക്യാമ്പ് കളക്ഷൻ നടത്തുന്നുണ്ട്. പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുങ്ങളിലും നടത്തുന്നില്ല. 2022-23 വർഷത്തിൽ 100% നികുതിപിരിവ് പൂർത്തിയാക്കിയിട്ടുള്ളതാണ്.
രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 | 2022-23 ബജറ്റ് പ്രകാരം | 2022-23 | വർദ്ധനവ് ( % ) |
|---|---|---|---|---|
| വസ്തുനികുതി റെസിഡൻഷ്യൽ | 22,16,993 | 36,00,000 | 2,3,12,463 | 4.31 |
| വസ്തുനികുതി നോൺ റെസിഡൻഷ്യൽ | 10,21,870 | | 10,79,040 | 5.6 |
| തൊഴിൽ നികുതി- സ്ഥാപനങ്ങൾ | 2,93,050 | 12,00,000 | 3,42,900 | 17.01 |
| തൊഴിൽ നികുതി - ജീവനക്കാർ | 8,57,750 | | 8,36,540 | -2.47 |
| കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 9,550 | 11,000 | 19,813 | 107.47 |
| വാഹന വാടക | 42,556 | 1,40,000 | 1,20,006 | 181.99 |

വസ്തുനികുതി

01.04.2023 തീയതിയിലെ വസ്തു നികുതി പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയോടെ 19.07.2023 തീയതിയിലെ 35-ാം നമ്പർ ഭരണ സമിതി തീരുമാന പ്രകാരം സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി മറ്റു പ്രത്യേകതകൾ എന്നിവ പരിഗണിച്ച് ഓരോ വിഭാഗത്തിന്റെയും അടിസ്ഥാന നിരക്കുകൾ അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ട്. 2022-23 വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി നിലവിലുള്ള വസ്തു നികുതിയുടെ 5% വർദ്ധനവ് സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയിട്ടുണ്ട്. എങ്കിലും സഞ്ചയ സോഫ്റ്റ്‌വെയറിൽ പുതിയ അടിസ്ഥാന വസ്തു നികുതി നിരക്ക് അപ്ഡേറ്റ് ചെയ്തിട്ടില്ല. ആയത് IKM നോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ പുതുക്കിയ നിരക്കിൽ നിലവിൽ (01.04.2023 മുതൽ) പുതിയ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കുന്നില്ല. വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ല.
2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. 2013 വസ്തു നികുതി പരിഷ്കരണത്തിനു ശേഷം സഞ്ചയ സോഫ്റ്റ്‌വെയറിൽ പുതിയ റോഡിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഇറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ ഫീൽഡ് സന്ദർശനം നടത്തി കണ്ടെത്തിയിട്ടില്ല. പെർമ്മിറ്റ് രജിസ്റ്റർ പ്രകാരം 236 അപേക്ഷകളിൽ 46 എണ്ണം അപേക്ഷകൾ റഗലറൈസേഷനുള്ളതാണ്. ടി കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചതിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണം നടക്കുന്നത് പരിശോധിക്കുന്നതിന് ഫീൽഡ് പരിശോധന നടത്തി അത്തരം കേസുകളിൽ നിയമാനുസൃത നടപടി സ്വീകരിച്ചിട്ടില്ല. അപാകത പരിഹരിക്കാത്ത കെട്ടിടങ്ങൾ കണ്ടെത്തി അനധികൃത കെട്ടിടങ്ങൾക്കെതിരെയുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

സേവന ഉപനികുതി

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം ശുചിത്വ പരിപാലനം തെരുവുവിളക്കുകൾ ഡ്രൈനേജ് തുടങ്ങിയവ) ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നില്ല. ആയതിനുള്ള സാധ്യത ഭരണ സമിതി പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റ ബേസ് സൂക്ഷിക്കുന്നില്ല. എന്നാൽ തൊഴിൽ നികുതി അടവാക്കിയവരുടെ വിവരങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നുണ്ട്. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യുന്നുണ്ട്.

വിനോദനികുതി

അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക്, എന്നിവയ്ക്ക് നിലവിൽ പഞ്ചായത്തിൽ പ്രവർത്താനമതി നല്കിയിട്ടില്ല. കൂടാതെ പ്രദർശന വിപണന മേളകൾ പഞ്ചായത്തിൽ നടത്തപ്പെടുന്നില്ല. മേൽ സൂചിത ഇനങ്ങളിൽ നിന്നും വിനോദസഞ്ചാരസാധ്യതകൾ ഉള്ള സ്ഥലങ്ങളിൽ നിന്നും വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ച് ഇതിനായി സർക്കാരിലേക്ക് ശുപാർശ ചെയ്തിട്ടില്ല.

വാടക

പഞ്ചായത്ത് കെട്ടിടങ്ങളിൽ നിന്നും വർഷങ്ങളായി ഒരേ നിരക്കിൽ തന്നെയാണ് വാടക ഈടാക്കി വരുന്നത്. 2022-23 വർഷത്തിൽ ഒരു കെട്ടിടത്തിനു മാത്രം 5% വർദ്ധനവ് വരുത്തിയിട്ടുണ്ട്.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആംബുലൻസിന്റെ വാടക ബൈലോയ്ക്ക് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭ്യമായിട്ടില്ല.

ശുപാർശകൾ

വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ , ലേലം എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും ,കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്.

## 1-10 വിരുപ്പാക്ക സ്പിന്നിങ്ങ് മില്ലിനെതിരായ ചെക്ക് കേസ്-തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

തെക്കുംകര ഗ്രാമപഞ്ചായത്തിലെ വാർഡ് 3 ൽ സ്ഥിതിചെയ്യുന്ന തൃശ്ശൂർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് സ്പിന്നിങ്ങ് മില്ലിന്റെ ഉടമസ്ഥതയിലുള്ള 105 മുതൽ 120 വരെയുള്ള കെട്ടിടങ്ങളുടെ 2022-23 വർഷത്തെ കെട്ടിടനികുതി 89737 രൂപ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ വടക്കാഞ്ചേരി ബ്രാഞ്ചിലെ 13877 നമ്പർ ചെക്കായി നൽകിയതിന് 31.03.23 തിയതിയിൽ രസീത് നൽകിയിരുന്നു. എന്നാൽ ടി ചെക്ക് 6.05.23 തിയതിയിൽ ഗ്രാമപഞ്ചായത്തിന്റെ SBIതനതുഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് സമർപ്പിച്ചപ്പോൾ സ്പിന്നിങ്ങ് മില്ലിന്റെ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ വടക്കാഞ്ചേരി ബ്രാഞ്ചിലെ അക്കൗണ്ടില് ക്യാഷ് ഇല്ലാതിരുന്നതിനാൽ 15.05.23 ൽ ചെക്ക് മടങ്ങിയതായി റിട്ടേൺ മെമ്മോ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ടിൽ തുക ലഭ്യമാക്കുന്നതിന് 9.06.23 തിയതിയിൽ 400679/PTDC01/General /2023/3974/(1) നമ്പറായി സെക്രട്ടറി നോട്ടീസ് നൽകിയിട്ടുണ്ട്. തുക ലഭ്യമാകാത്തതിനെ തുടർന്ന് 03.07.23 തിയതിയിലെ ഗ്രാമപഞ്ചായത്ത് സ്റ്റിയറിങ്ങ് കമ്മിറ്റിയുടെ 5(1) നമ്പർ തീരുമാനപ്രകാരം വടക്കാഞ്ചേരി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ വിരുപ്പാക്ക സ്പിന്നിങ്ങ് മില്ലിനെതിരായി ചെക്ക് കേസിൽ അന്യായം ബോധിപ്പിക്കുന്നതിനും, തുടർന്ന് കേസ് നടപടികൾ നടത്തുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനമെടുക്കുകയും, ST 17/13/2023 നമ്പറായി കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

മേൽ പരാമർശിച്ച കെട്ടിട നികുതി തുകയായ 89737 രൂപയും പഞ്ചായത്തിന് സംഭവിച്ച മറ്റ് കഷ്ടനഷ്ടങ്ങളും ഈടാക്കുവാൻ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. ഈ വിഷയത്തിലെ തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 40/തി. 23.08.23)

## 1-11 ആംബുലൻസ് വാടകയുമായി ബന്ധപ്പെട്ട അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-48 R4199 ആംബുലൻസ് വാടകയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

1) 21.07.22 തിയതിയിലെ 6(1) നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ആംബുലൻസ് ബൈലോയ്ക്ക് പഞ്ചായത്ത് ഡയറക്ടറിൽ നിന്നും അംഗീകാരം ലഭ്യമാക്കുന്നതിന് 19.01.23 ന സമർപ്പിച്ചിട്ടുള്ളതായി ഫയൽ പരിശോധിച്ചതിൽ കാണുന്നു. ബൈലോയ്ക്ക് അംഗീകാരം ലഭ്യമായിട്ടില്ല.

2) കരട് ബൈലോ പ്രകാരം ആംബുലൻസ് ഉപയോഗത്തിന് മിനിമം വാടക (12 KM വരെ)500/- രൂപയും, തുടർന്ന് ഓരോ കിലോമീറ്ററിനും 38/-രൂപ നിരക്കിൽ (Up And Down) വാടകയും ഈടാക്കുന്നതിനാണ് നിർദ്ദേശമുള്ളത്. ആംബുലൻസ് വാടക ഇടാക്കുന്നതിന്റെ രസീത് പരിശോധിച്ചതിൽ മേൽ പറഞ്ഞ പ്രകാരമല്ല വാടക ഈടാക്കുന്നത്. നിലവിൽ കിലോ മീറ്ററിന് 40/- രൂപ നിരക്കിലാണ് വാടക ഈടാക്കി വരുന്നത്. ബൈലോയ്ക്ക് അംഗീകാരം ലഭ്യമാകാത്തതിനാൽ

നിലവിൽ വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടില്ല.
3) 2021-22 സാമ്പത്തിക വർഷം വാങ്ങിയതിനു ശേഷം ആംബുലൻസിനു നാളിതു വരെ ഇന്ധനക്ഷമത ടെസ്റ്റ് നടത്തിയിട്ടില്ല.

4) ഗവണ്മെന്റ് നിശ്ചയിക്കുന്ന വാടക പ്രകാരം ആംബുലൻസ് ഓടുന്നതിനും, പ്രതിമാസ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിങ് സമിതി രൂപീകരിക്കുന്നതിന് 11.05.22 തിയതിയിൽ 8/1 നമ്പറായി തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ടി ആംബുലൻസ് പരിപാലന മോണിറ്ററിങ് സമിതി യോഗം ചേരുന്നില്ല.
5) ഇന്ധനം നിറയ്ക്കുന്നതിന്റേയും വാഹനത്തിന്റെ അറ്റകുറ്റപണികൾ നടത്തിയതിന്റെയും വിവരങ്ങൾ ലോഗ്ബുക്കിൽ ചേർക്കുന്നില്ല. തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്തം ലോഗ്ബുക്കിൽ മാസത്തിന്റെ അവസാന ദിവസം രേഖപ്പെടുത്തേണ്ടതാണ്, എന്നാൽ അപ്രകാരം സംക്ഷിപ്തം എഴുതി തയ്യാറാക്കുന്നില്ല.

6) കളക്ഷൻ രജിസ്റ്ററിൽ രസീതു പ്രകാരം തുക ഈടാക്കുന്നതിന്റെ വിവരങ്ങൾ അല്ല ചേർത്തിട്ടുള്ളത്. തുക പഞ്ചായത്തിൽ അടവാക്കുന്നതിന്റെ വിവരങ്ങളാണ് ചേർത്തിട്ടുള്ളത്. രജിസ്റ്റർ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിക്കുന്നില്ല.

7) വാടക ഇനത്തിൽ കൈപ്പറ്റിയ തുക ഡ്രൈവർ പലപ്പോഴും ദിവസങ്ങൾ കഴിഞ്ഞാണ് പഞ്ചായത്തിൽഅടവാക്കുന്നത്.
അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 11/18.08.23) കളക്ഷൻ രജിസ്റ്ററിൽ ഈടാക്കുന്ന തുകയുടെ വിവരങ്ങൾ ചേർക്കുന്നതിനും തുക അതാതു ദിവസമോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്തിൽ അടവാക്കുന്നതിനും, കളക്ഷൻ രജിസ്റ്ററിൽ വാടക ഈടാക്കുന്നതിന്റെ വിവരങ്ങൾ ചേർത്ത് കൃത്യമായി പരിപാലിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും, ഇന്ധനക്ഷമത പരിശോധന നടത്തുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.
ബൈലോ പ്രകാരം പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം ലഭിക്കുന്ന തീയതി മുതൽക്കാണ് ബൈലോയ്ക്ക് പ്രാബല്യം. ബൈലോയ്ക്ക് അംഗീകാരം ലഭ്യമാക്കി ആയതു പ്രകാരം വാടക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 കെട്ടിടങ്ങളിൽ നിന്നുള്ള വാടക- അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും വാടക ഈടാക്കുന്നതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കെട്ടിടങ്ങളിൽ നിന്നും വാടക ഈടാക്കുന്നതിന് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല.
2) 2022-23 വർഷത്തെ വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതു പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങളും പ്രതിമാസ വാടകയും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തിക്കുന്ന സ്ഥാപനം | പ്രതിമാസവാടക(രൂപ) |
|---|---|---|
| 1 | പോസ്റ്റ് ഓഫീസ്, തെക്കുംകര | 250 |
| 2 | പോസ്റ്റ് ഓഫീസ്, വാഴാനി | 300 |
| 3 | പോസ്റ്റ് ഓഫീസ്, കരുമത്ര | 100 |

പോസ്റ്റ് ഓഫീസ് വാഴാനി, പോസ്റ്റ് ഓഫീസ് കരുമത്ര എന്നിവയിൽ നിന്നും വർഷങ്ങളായി മേൽ പ്രകാരമുള്ള തുക തന്നെയാണ് വാടക ഇനത്തിൽ ഈടാക്കി വരുന്നത്. പഞ്ചായത്തുമായി സ്ഥാപനങ്ങൾ വാടക കരാർ വച്ചിട്ടുണ്ട്. വാടക വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
3) പോസ്റ്റ് ഓഫീസ് തെക്കുംകര, പോസ്റ്റ് ഓഫീസ് വാഴാനി, പോസ്റ്റ് ഓഫീസ് കരുമത്ര എന്നിവയിൽ നിന്നും ജില്ലാപഞ്ചായത്തിൽ നിന്നും ലീസിനെടുത്തിട്ടുള്ള കെട്ടിടം വാടകയ്ക്ക് നൽകിയിട്ടുള്ള മച്ചാട് പവർലും എന്നതിൽ നിന്നും, മലാക്ക ശിശുമന്ദിരത്തിൽ നിന്നും വാടകയോടൊപ്പം GST ഈടാക്കിയിട്ടില്ല. 2017 ലെ CGST/SGST ആക്റ്റിലെ ഷെഡ്യൂൾ II ക്രമ നമ്പർ 5(എ) പ്രകാരം സ്ഥാവര വസ്തുക്കളുടെ വാടക ജി എസ് ടിയുടെ പരിധിയിൽ വരുന്നതാണ്. വാണിജ്യാവശ്യങ്ങൾക്കുള്ള വസ്തുവകകളിൽ നിന്നുള്ള വാടകയിനത്തിനുള്ള GSTയുടെ നിലവിലെ നിരക്ക് 18% ആണ്. വാടക കെട്ടിടങ്ങളിൽ നിന്നും GST ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 32/22.8.23)

## 1-13 റോഡു പ്രവൃത്തികളിൽ നിന്നും ലഭ്യമായ 110.497ഘ.മീ മണ്ണ് സ്വകാര്യ വ്യക്തി പറമ്പിൽ നിരത്തിയതിന്റെ തുക നാളിതുവരെ ഈടാക്കിയിട്ടില്ല.

ഫയൽ നമ്പർ SC3-1517/22 ,തിയതി- 4/5/22

ജില്ലാ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതി പ്രകാരം പുല്ലംകണ്ടം അംഗൻവാടി-കിഴക്കേ പുല്ലംകണ്ടം റോഡ് പുനരുദ്ധാരണം (പ്രൊജക്ട് നം.146/22) നടത്തിയതിൽ നിന്നും ലഭ്യമായ 178.497 M3 മണ്ണ് 16.05.22 ന പരസ്യ ലേലം ചെയ്യുന്നതിന് തീരുമാനമെടുത്തെങ്കിലും സ്ഥല പരിശോധനയിൽ 110.497 M3 മണ്ണ് ബിനോയ് നെടുമ്പറമ്പിൽ എന്നയാൾ സ്വന്തം സ്ഥലത്ത് നിരത്തിയതായി കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയ പ്രകാരമുള്ള 55 രൂപ നിരക്കിൽ ടി 110.497m3 മണ്ണിന് 6077രൂപയും ജി എസ് ടി 730 രൂപയും ടിയാനിൽ നിന്ന് ഈടാക്കുന്നതിന് 20.06.22തിയതിയിൽ SC3-1517/22 നമ്പറായി സെക്രട്ടറി നോട്ടീസ് നൽകിയിട്ടുണ്ട്. തുക ലഭ്യമാക്കിയതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ-12/18.08.23) ശ്രീ ബിനോയ് തുക അടവാക്കാൻ വിസമ്മതിച്ചതിനാൽ ടി പ്രവൃത്തി നടത്തിയ കരാറുകാരനിൽ നിന്നും തുക ഈടാക്കുന്നതിന് കത്ത് നൽകുകയും, നാളിതു വരെ ടിയാൻ തുക അടവാക്കാത്തതിനാൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരം, ഒരു പഞ്ചായത്ത് പ്രദേശത്ത്, ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനങ്ങൾ, തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

1) അസി എഞ്ചിനീയർ ലഭ്യമാക്കിയ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ മരാമത്ത് പ്രവൃത്തികൾ കരാർ അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്തിയ താഴെ കൊടുത്തിരിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് |
|---|---|
| 1 | ടി എൻ ശശികുമാർ, താഴത്തേതിൽ |
| 2 | യൂസഫ് എ എം |
| 3 | ഫഹദ് എ വൈ |
| 4 | സജയകുമാർ, പൈങ്കുളം |
| 5 | രാഗേഷ് കെ ആർ |
| 6 | ഷാർജാസ് എ |
| 7 | സന്തോഷ് കുമാർ കെ കെ |
| 8 | പി സി ദേവസ്സി |
| 9 | മുസ്തഫ |
| 10 | അബ്ദുൾ ഖാദർ എ വി |
| 11 | ജോൺ പോൾ കെ |
| 12 | സനീഷ് എ എസ് |
| 13 | ജമാൽ കടമനക്കൊട്ടിൽ |
| 14 | ഷീജോമോൻ മാത്യു |

2) ഗ്രാമപഞ്ചായത്തിലെ റേഷൻ വ്യാപാരികൾ, കള്ള് ഷാപ്പ് ഉടമകൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നമ്പർ 34/22.8.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ച ക്വാറികളുടെ CSR പ്രവർത്തനങ്ങൾ ഉറപ്പു വരുത്തിയില്ല.

ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മാണിക്കംപാറ ഗ്രാനൈറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, കൊളത്താഴം, പാർളിക്കാട്, അമ്മ റോക്ക് പ്രൊഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, ചെപ്പാറ എന്നീ ക്വാറികൾക്ക് ലൈസൻസ്

അനുവദിച്ചിട്ടുണ്ട് (JC2-2703/22/2022-23/11.07.2022, JC2-1117/22/2022-23/1.04.23). ടി ക്വാറികൾക്ക് താഴെ ചേർത്തിരിക്കും പ്രകാരം CSR ആയി തുക ചെലവഴിക്കുന്നതിന് ജില്ല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ ഉത്തരവുണ്ട്.

| ക്രമ നമ്പർ | സ്ഥാപനം | ഉത്തരവ് നമ്പർ,തിയതി | CSR പ്രവർത്തനങ്ങളുടെ വിവരം |
|---|---|---|---|
| 1 | മാണിക്കംപാറ ഗ്രാനൈറ്റ്സ് (പ്രൈ) ലിമിറ്റഡ് | B1/6692 /2017/DEIAA/TSR, Dated07.12.2018 | പ്രതിവർഷം 500000 രൂപയുടെ ആവർത്തന ചെലവുള്ള പ്രവർത്തനങ്ങൾ |
| 2 | അമ്മ റോക്ക് പ്രൊഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് | B1/17154 /2017/DEIAA/TSR, Dated07.12.2018 | മൂലധനച്ചെലവായി 75000 രൂപയുടെ പ്രവർത്തനങ്ങളും, പ്രതിവർഷം 675000 രൂപയുടെ ആവർത്തന ചെലവുള്ള പ്രവർത്തനങ്ങളും |

മേൽ ഉത്തരവുകൾ പ്രകാരം ക്വാറികൾ സി എസ് ആർ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ-42/23.08.23) മറുപടി ലഭ്യമാക്കിയില്ല. സി.എസ്.ആർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ജനങ്ങൾക്ക് ഗുണകരമാകുന്ന രീതിയിൽ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിനും ക്രമീകരണം ഏർപ്പെടുത്തേണ്ടതും പഞ്ചായത്ത് ലൈസൻസ് നൽകുന്നതിലേക്കായി പ്രയോഗിക്കുന്ന നിയന്ത്രണാധികാരം ഫലപ്രദമായി എന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-16 ചട്ടപ്രകാരമുള്ള രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.

1) സഞ്ചയയിൽ രേഖപ്പെടുത്തിയത് പ്രകാരം "Unauthorised" എന്നയിനത്തിൽ 69 കെട്ടിടങ്ങളാണ് ഉള്ളത്. കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം20(1) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിടനമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ ഈ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം-10 ൽ ഉള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്.

2) കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 21(3) പ്രകാരം ഒഴിവായിക്കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് ചെയ്ത് കൊടുക്കുന്നത് സംബന്ധിച്ച് ഫാറം-11 ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

3) കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2019, ചട്ടം 95(3) പ്രകാരം പെർമ്മിറ്റ് കൂടാതെയുള്ള നിർമ്മാണങ്ങളും വ്യതിയാനങ്ങളും ക്രമവത്ക്കരിച്ച് നൽകുമ്പോൾ അനുബന്ധം G2 ലെ പോലെ ഒരു മാതൃക രജിസ്റ്ററിൽ വിശദ വിവരങ്ങൾ രേഖപ്പെടുത്തി സ്ഥിരരേഖയായി സൂക്ഷിക്കേണ്ടതാണ്.
മേൽ പ്രകാരമുള്ള രജിസ്റ്ററുകൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ-22/21.08.23)

## 1-17 പെർമ്മിറ്റ് രജിസ്റ്റർ-രേഖപ്പെടുത്തലുകൾ അപൂർണ്ണം

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പൂർണ്ണമല്ല. 2022-23 സാമ്പത്തിക വർഷത്തിൽ ആകെ 236 പുതിയ പെർമിറ്റ് അപേക്ഷ ലഭിച്ചിട്ടുണ്ട്. (കൂട്ടിച്ചേർക്കാനുള്ളതും റഗുലറൈസ് ചെയ്യതുമുൾപ്പെടെ). ആയതിൽ പല കെട്ടിടങ്ങളുടെയും F.A.R (തറ വിസ്തീർണ്ണാനുപാതം), ഒക്കുപ്പൻസി, പെർമിറ്റ് നമ്പർ, എന്നിവ രേഖപ്പെടുത്തുന്നില്ല. പെർമിറ്റ് രജിസ്റ്ററിൽ അപേക്ഷ ലഭിച്ചത് മുതൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കി നമ്പർ നൽകുന്നത് വരെയുള്ള കാര്യങ്ങൾ രേഖപ്പെടുത്തി അതാത് ഫയലുകൾ തീർപ്പാക്കിയ വിവരം രേഖപ്പെടുത്തിയിട്ടില്ല. കെട്ടിടങ്ങളുടെ പണി പൂർത്തീകരിച്ചതിന്റെയോ നികുതി

നിർണ്ണയിച്ചതിന്റെയോ വിവരങ്ങൾ പെർമിറ്റ് രജിസ്റ്ററിൽ നിന്നും ലഭ്യമല്ലാത്തതിനാൽ പണി പൂർത്തിയാക്കി നികുതി നിർണ്ണയിച്ചിട്ടുണ്ടോ എന്ന് ഉറപ്പിക്കാനാവുന്നില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

2) പെർമ്മിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 236 അപേക്ഷകളിൽ 46 എണ്ണം അപേക്ഷകൾ റഗുലറൈസേഷനുള്ളതാണ്. ടി കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചതിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. തുടർ നടപടി സ്വീകരിക്കാത്ത അപേക്ഷകളുടെ വിവരം അറിയിക്കേണ്ടതും, ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണം നടക്കുന്നത് പരിശോധിക്കുന്നതിന് ഫീൽഡ് പരിശോധന നടത്തി അത്തരം കേസുകളിൽ നിയമാനുസൃത നടപടി സ്വീകരിച്ചതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

## 1-18 ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾക്ക് ചട്ടം പാലിക്കാതെ വസ്തുനികുതിയിളവ് നൽകി.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ്. ചട്ടം 21 (2)(ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടത്. മേൽ ചട്ടം പാലിക്കാതെയാണ് ചുവടെ ചേർക്കുന്ന കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകിയത്.

| ക്രമ നമ്പർ | വാർഡ് | കെട്ടിട നമ്പർ | കെട്ടിട ഉടമ | അപേക്ഷ നൽകിയ തിയതി | നികുതി ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|---|
| 1 | 8 | 83A | അജി, തിരുത്തിമ്മേൽ | 14.07.22 | 1.04.22-30.09.22 |
| 2 | 17 | 140 B,140C,140D,140E,140F, 140G,140H,140I, 140 J,140K,140 O | ശങ്കരനാരായണൻ പി എൻ, പൂണോത്ത് വീട് | 30.12.22 | 1.10.22-31.03.23 |
| 3 | 6 | 515E,515F,515G | ധന്യ ധനേശ്വരൻ പിള്ള,അനുഗ്രഹ ഹൗസ്, ലക്ഷ്മി വിലാസ് കോംപൗണ്ട് | 10.03.23 | 09/11/22 |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 35/22.08.23) മറുപടി ലഭ്യമാക്കിയില്ല. ചട്ട പ്രകാരം മാത്രം നികുതിയിളവ് നൽകുന്നതിന് ശ്രദ്ധിക്കേണ്ടതും വസ്തുനികുതി നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

## 1-19 ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നുള്ള സ്പഷ്ടീകരണം ലഭ്യമാക്കുന്നതിനു മുൻപേ വാണിജ്യ കെട്ടിടം ക്രമവൽക്കരിച്ചു നമ്പർ നൽകി.

സജി വർഗ്ഗീസ്, പാറേക്കാട്ടിൽ വീട്, കുറാഞ്ചേരി പി ഒ എന്നയാളുടെ 136.33 ച.മീ ബിൽട്ട് അപ്പ് ഏരിയയുള്ള വാണിജ്യ കെട്ടിടം ക്രമവത്ക്കരിക്കുന്നതിന് ഫയൽ നമ്പർ-SC1/5939/2022, തിയതി- 12.10.22 പ്രകാരം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ SC1-BA(401994)/22, തിയതി-20/12/22 നമ്പറായി കെട്ടിടം ക്രമവത്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

